38280/2020/CRU HSD
File No.FandP-B2/91/2020-FandP

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ് - ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾക്ക് അധികച്ചുമതലകളും അധികാരങ്ങളും നൽകി ഉത്തരവ് പുറപ്പെടുവിച്ചത്-ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു

മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്

G.O.(Rt) No.213/2020/F&P തീയതി,തിരുവനന്തപുരം, 17/04/2020

പരാമർശം:- 1 16.04.2020 ലെ സ.ഉ(സാധാ)നം. 212/2020/മതുവ

ഉത്തരവ്

കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനും പരിപാലനത്തിനും നിരീക്ഷണത്തിനുമായി രൂപീകരിച്ച ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾക്ക് പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം അധികച്ചുമതലകളും അധികാരങ്ങളും നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ 2 (4) ഖണ്ഡിക പ്രകാരം ഹാർബർ മാനേജ്മെന്റ് സൊസൈറ്റി ചെയർമാൻ, മെമ്പർ സെക്രട്ടറി എന്നിവരുടെ പേരിൽ ഒരു സംയുക്ത സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ പേരിൽ തുടങ്ങുന്നതിനാണ് അനുമതി നൽകിയിരുന്നത്. എന്നാൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റി ചെയർമാനായ ജില്ലാകളക്ടർക്ക് സൊസൈറ്റിയുടെ ദൈനംദിന പണമിടപാടുകൾ സമയബന്ധിതമായി നിർ വഹിക്കുന്നതിന് സാധിക്കാതെ വരുമെന്നതിനാൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ ദൈനംദിനം പണമിടപാടുകൾ സുഗമമായി നടത്തുന്നതിന് ഹാർബറിലെ മത്സ്യവിൽപനയിൽ നേരിട്ട് ഇടപെടുന്ന മെമ്പർ സെക്രട്ടറിയുടേയും (ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ) അസിസ്റ്റന്റ് സെക്രട്ടറിയുടേയും (മത്സ്യഫെഡ് ജില്ലാ മാനേജർ) പേരിൽ സംയുക്ത അക്കൗണ്ട് സൊസൈറ്റിയുടെ പേരിൽ തുടങ്ങേണ്ടത് ആവശ്യമാകയാൽ പരാമർശിത സർക്കാർ ഉത്തരവിലെ ഖണ്ഡിക 2 (4) ചുവടെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

"മേൽ ആവശ്യത്തിലേക്കായി മെമ്പർ സെക്രട്ടറി (ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ), അസിസ്റ്റന്റ് സെക്രട്ടറി (മത്സ്യഫെഡ് ജില്ലാ മാനേജർ) എന്നിവരുടെ പേരിൽ ഒരു സംയുക്ത സേവിംഗ്സ് ബാങ്ക് അക്കൗണ്ട്. ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ പേരിൽ നാഷ്ണലൈസ്ഡ് ബാങ്കിലോ കേരളാ ബാങ്കിലോ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിലോ ആരംഭിക്കാവുന്നതാണ്."

2. പരാമർശിത സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

AS

File No.FandP-B2/91/2020-FandP

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ISHITA ROY IAS
PRINCIPAL SECRETARY

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ്. (സർക്കാർ വെബ് സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by Manu M S
Date: 2020.04.17 16:06:53 IST
Reason: Approved

സെക്ഷൻ ഓഫീസർ

മേലെഴുത്ത് നമ്പർ. എച്ച്ഇസിഇ/354/2018/എ 5 തീയതി 09/06/2020

പകർപ്പ് എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും തുടർ നടപടിയ്ക്കായി നൽകുന്നു.

ചീഫ് എഞ്ചിനീയർ